പട്ടികജാതിവിഭാഗങ്ങൾക്ക് അനുവദിച്ച വീടുകൾ

21 (*381) ശ്രീ. ബി. സത്യൻ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീടില്ലാത്ത പട്ടികജാതി വിഭാഗങ്ങൾക്ക് 2014-15 വർഷം അനുവദിച്ച 4500 വീടുകളിൽ കേവലം 15% (689 വീടുകൾ) മാത്രം പൂർത്തീകരിക്കാൻ സാധിച്ചതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ;

(ബി) മുൻവർഷങ്ങളിൽ അനുവദിച്ച വീടുകളിലും പകുതിയോളം ഇതുവരെ പൂർത്തിയാകാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇരുതരമായ ഈ പ്രതിസന്ധി പരിഹരിക്കാൻ അധിക ധനസഹായം അനുവദിക്കാനോ, കെട്ടിട നിർമ്മാണ സാമഗ്രികൾ സബ് സിഡിയോടുകൂടി വിതരണം ചെയ്യാനോ തയ്യാറാകുമോ ?

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) ഉണ്ട്.

(ബി) ഭവന നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ്, തൊഴിൽ കൂലിയിൽ ഉള്ള വർദ്ധനവ്, സാധനങ്ങൾ പണിസ്ഥലത്ത് എത്തിക്കുവാനുള്ള കയറ്റിറക്ക് കൂലി, ഗുണഭോക്താക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ, നിർമ്മാണ സാമഗ്രികളുടെ (പാറ, മെറ്റൽ, മണൽ) ദൗർലഭ്യം, കാലാവസ്ഥാ വ്യതിയാനം (മഴ, ജല ദൗർലഭ്യം) എന്നിവ കാരണമാണ് വീടുകളുടെ പണി പൂർത്തീകരിക്കുവാൻ സാധിക്കാത്തത്. ഈ പദ്ധതിയിൽ നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ വീടുകൾ നിർമ്മിക്കുന്നതും കാരണവും യഥാസമയം പണി പൂർത്തീകരിക്കുവാൻ സാധിക്കാതെ വരുന്നു.

(സി) ഭവനനിർമ്മാണത്തിനായി അനുവദിക്കുന്ന ധനസഹായം 3 ലക്ഷം രൂപയായി ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. 2007-08 മുതൽ 2013-14 വരെയുള്ള കാലയളവിൽ ഭവനനിർമ്മാണ ധനസഹായം അനുവദിച്ചവരിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്ക് അവരുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുവേണ്ടി അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിൽ അനുവദിക്കുന്നതിന് 4-8-2014-ൽ അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly